# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6117 07.11.2016 ൽ മറുപടിയ്ക്ക്**

## പച്ചക്കറി സ്വയംപര്യാപ്തതക്ക് ജനകീയ കാമ്പയിൻ

**ചോദ്യം**
**ശ്രീ.കെ.എസ്.ശബരീനാഥൻ**
**ശ്രീ.അനിൽ അക്കര**
**ശ്രീ.ഹൈബി ഈഡൻ**
**ശ്രീ.കെ.സി.ജോസഫ്**

**മറുപടി**
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് പച്ചക്കറി സ്വയംപര്യാപ്തതക്ക വേണ്ടി ജനകീയ കാമ്പയിൻ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് പച്ചക്കറി സ്വയം പര്യാപ്തതയ്ക്കുവേണ്ടി നിലവിൽ പൊതുജന പങ്കാളിത്തത്തോടുകൂടി പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുകയാണ്. ഈ വർഷം 74.3 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ആയതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജനകീയ കൂട്ടായ്മകളും കർഷക ക്ലസ്റ്ററുകളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട പ്രദേശം ശീതകാല പച്ചക്കറികളുടെ സ്പെഷ്യൽ അഗ്രിക്കൾച്ചർ സോണായും ഇടുക്കി ജില്ലയെ പച്ചക്കറി ഹബ്ബായും തീരുമാനിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ കാമ്പയിനിൽ ആരെയൊക്കെയാണ് പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | ബി) ജനപ്രതിനിധികൾ, കർഷകർ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, കുടുംബശ്രീ, വീട്ടമ്മമാർ തുടങ്ങി പച്ചക്കറി കൃഷിയിൽ താല്പര്യമുള്ള എല്ലാവരും പങ്കാളികളായിരിക്കും. ദേവികുളം ബ്ലോക്കിലെ വട്ടവട, കാന്തല്ലൂർ പഞ്ചായത്തുകളിലും മറ്റു പഞ്ചായത്തുകളിലും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു വരികയാണ്. |
| സി) ഏതൊക്കെ ഭൂമിയാണ് പച്ചക്കറി കൃഷി ചെയ്യാൻ കണ്ടെത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | സി) ശീതകാല പച്ചക്കറികൾക്ക് പ്രധാനമായും ഇടുക്കി ജില്ല (കാന്തല്ലൂർ, വട്ടവട)യും മറ്റു പച്ചക്കറികൾക്ക് പ്രധാനമായും മലപ്പുറം, പാലക്കാട്, ആലപ്പുഴ, വയനാട്, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളും കൂടാതെ മറ്റു ജില്ലകളിലെ അനുയോജ്യമായ പ്രദേശങ്ങളും നിലവിൽ തരിശായിക്കിടക്കുന്ന പ്രദേശങ്ങളുമാണ് പച്ചക്കറി കൃഷിയ്ക്കായി കണ്ടെത്തിയിട്ടുള്ളത്. |

S.
**സെക്ഷൻ ഓഫീസർ**